**ഭരണഭാഷ – മാതൃഭാഷ**

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/19640/2024-DEA4 തീയതി: 16-09-2024

# സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഓപ്പറേഷൻ നിർമ്മാൺ - കോർപ്പറേഷൻ ഓഫീസുകളിൽ നടക്കുന്ന അഴിമതി കണ്ടെത്തുന്നതിനായി നടത്തിയ വിജിലൻസ് മിന്നൽ പരിശോധന - ശിപാർശകൾ - സംബന്ധിച്ച്

സൂചന :
1. സർക്കാരിന്റെ 05.09.2022 ലെ AB2/1634/17 നമ്പർ കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 13.06.2022 തീയതിയിലെ E14(SC01/22/KKD)14078/2022 നമ്പർ കത്ത് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്

വിവിധ കോർപ്പറേഷൻ ഓഫീസുകളിൽ നടക്കുന്ന അഴിമതി കണ്ടെത്തുന്നതിനായി നടത്തിയ
വിജിലൻസ് മിന്നൽ പരിശോധന 'ഓപ്പറേഷൻ നിർമ്മാൺ" ന്റെ ഭാഗമായി വിവിധ റോഡുകളിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ സൈറ്റിൽ സൂക്ഷിക്കേണ്ട "വർക്ക് സ്പോട്ട് ഓർഡർ ബുക്ക്" സംബന്ധിച്ച് സൂചന (1), (2) കത്തുകൾ പ്രകാരം നിർദേശം നല്കിയിട്ടുള്ളതാണ്.

അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ TS അധികാരത്തിൽ കവിയുന്ന എല്ലാ പ്രവൃത്തികൾക്കും ഒരു **വർക്ക് സ്പോട്ട് ഓർഡർ ബുക്ക്** ഉണ്ടായിരിക്കേണ്ടതും, സൈറ്റിൽ ഉന്നത ഉദ്യോഗസ്ഥരുടെ സൈറ്റ് സന്ദർശനവേളയിൽ റിമാർക്സ് രേഖപ്പെടുത്തുന്നതിനായി സൂക്ഷിക്കേണ്ടതും പരിപാലിക്കേണ്ടതും പ്രവർത്തി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. പി.ഡബ്ല്യു.ഡി മാനുവൽ clause 2105 പ്രകാരം Appendix 2100B മാതൃകയിൽ **വർക്ക് സ്പോട്ട് ഓർഡർ ബുക്ക്** ലഭ്യമാക്കുന്നതിനും ആയത് കൃത്യമായി പരിപാലിക്കുന്നതിനും ആവശ്യമായ നടപടികൾ, എല്ലാ നിർവഹണ ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്.

Signed by
Sandeep K G
Date: 16-09-2024 22:32:25

വിശ്വസ്തതയോടെ,
Sandeep K G
CHIEF ENGINEER